# ഏലീയകാലം
## വചന വിചിന്തനം
### ഏലീയകാലം ഏഴാം ഞായർ
**ലൂക്കാ 18,35 - 19,10**

> "ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിക്കുന്നവരാണ് അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നത്.
> ജെറിക്കോയിലെ കുരുടനും ചുങ്കക്കാരനായ സക്കോവൂസിനും ക്രിസ്തുവിനെ വ്യക്തിപരമാക്കുന്നതിന് തടസം നിന്നിരുന്നത് ജനകൂട്ടമാണ്.
> അവർ അതിനെ അതിജീവിച്ചപ്പോൾ സൗഖ്യവും രക്ഷയും കൊണ്ട് അവരും അവരുടെ കുടുംബവും അനുഗ്രഹമാക്കപ്പെട്ടു!"

കുരുടൻ ക്രിസ്തുവിനെ വിളിച്ച് പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്; "ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!" ചുരുക്കത്തിൽ, സൗഖ്യത്തിന് നിദാനം ക്രിസ്തുവിന്റെ ദയതന്നെയാണ്!

ജെറിക്കോയിലെ കുരുടനും ചുങ്കക്കാരനായ സക്കേവൂസും തങ്ങളുടെ കുറവുകൾ തിരിച്ചറിഞ്ഞിരുന്നവരാണ്. അവർ തങ്ങളുടെ കുറവുകൾ അതിജീവിക്കാൻ അതിയായി ആഗ്രഹിച്ചിരുന്നവരാണ്. അതിന് അവർക്ക് ക്രിസ്തുവിന്റെ സാന്നിദ്ധ്യം അനിവാര്യമായിരുന്നു. എന്നിട്ടും, ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ അവരിൽ നിന്ന് അകറ്റി നിർത്തുന്നത് ജനകൂട്ടമാണ്. ജെറിക്കോയിലെ കുരുടന്റെ കാര്യത്തിൽ, ക്രിസ്തുവാണ് പോകുന്നത് എന്ന് തിരിച്ചറിയുമ്പോൾ അവന്റെ തൊണ്ട പൊട്ടുമാറ് അവൻ ക്രിസ്തുവിനെ വിളിച്ച് പ്രാർത്ഥിക്കുന്നുണ്ട്;

"ദാവീദിൻെറ പുത്രനായ യേശുവേ, എന്നിൽ കനിയണമേ!"

ഇത് കേൾക്കുന്ന ജനം, മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ, നിശ്ശബ്ദനായിരിക്കാൻ പറഞ്ഞ് അവനെ ശകാരിച്ചു. അവനാകട്ടെ തന്റെ രക്ഷയും കരുതലും കരുത്തും ക്രിസ്തുവാണ് എന്നുള്ള തിരിച്ചറിവോടെ കൂടുതൽ ഉച്ചത്തിൽ ക്രിസ്തുവിനെ വിളിച്ച് പ്രാർത്ഥിച്ചു;

"ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ..."

ഇനി, ചുങ്കക്കാരനായ സക്കോവൂസിന്റെ ജീവിതത്തിലേയ്ക്ക് നോക്കുക. ക്രിസ്തു ജറീക്കോയിൽ പ്രവേശിച്ച് കടന്നുപോവുന്നു. ആ പട്ടണത്തിൽ സക്കേവൂസ് എന്ന പേരിൽ ചുങ്കക്കാരിൽ പ്രധാനിയായ ഒരു ധനാഢ്യൻ ഉണ്ടായിരുന്നു. യേശു ആരെന്നു കാണാൻ അവൻ അതിയയി ആഗ്രഹിച്ചിരുന്നു. പൊക്കം കുറവായിരുന്നതിനാൽ ജനക്കൂട്ടത്തിൽ നിന്നുകൊണ്ട് അതു സാധ്യമായിരുന്നില്ല. അതുകൊണ്ട്, ക്രിസ്തുവിനെ കാണാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. കാരണം, ക്രിസ്തു ആ വഴിയിലൂടെയാണ് കടന്നുപോകാനിരുന്നത്.

ഇനി ഈ രണ്ടു ജീവിതങ്ങൾ കൂട്ടി വായിക്കുക. രണ്ടിടത്തേയും പ്രശ്നം ജനകൂട്ടം തന്നെയാണ്. ജെറിക്കോയിലെ കുരുടന്റെയും ചുങ്കക്കാരിൽ പ്രധാനിയായ സക്കേവൂസിന്റെയും പ്രശ്നങ്ങൾ ജനക്കൂട്ടത്തിന്റെ പ്രശ്നങ്ങളല്ല. അതുകൊണ്ട് തന്നെ, കുരുടനും സക്കേവൂസിനും സൗഖ്യവും രക്ഷയും കിട്ടുക എന്നുള്ളത് ജനകൂട്ടത്തിന്റെ ആഗ്രഹമേ അല്ലായിരുന്നു. പക്ഷെ, ഇവരുടെ സൗഖ്യവും രക്ഷയും ഇവരേക്കാൾ അധികം ആഗ്രഹിച്ച മറ്റൊരാളുണ്ടായിരുന്നു. അവന്റെ പേര് ക്രിസ്തു. അതുകൊണ്ടാണ്, ജനകൂട്ടം തടഞ്ഞിട്ടും ജെറിക്കോയിലെ കുരുടനെ അടുത്ത് വിളിച്ച് അവന്റെ ആഗ്രഹം രുചിച്ചറിഞ്ഞ് ക്രിസ്തു അവന് സൗഖ്യം സമ്മാനിക്കുന്നത്. വചനം പറയുന്നത് ഇപ്രകാരമാണ്; "ക്രിസ്തു അവിടെ നിന്നു; കുരുടനെ തൻെറ അടുത്തേക്കുകൊണ്ടുവരാൻ കൽപിച്ചു. തുടർന്ന് ക്രിസ്തു പറഞ്ഞു: നിനക്കു കാഴ്ചയുണ്ടാകട്ടെ. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.

തത്ക്ഷണം അവനു കാഴ്ച ലഭിച്ചു."

ഇനി ചുങ്കക്കാരിൽ പ്രധാനിയായ സക്കേവൂസിന്റെ ജീവിതത്തിലേയ്ക്ക് നോക്കുക. "ക്രിസ്തു മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്കു നിൻെറ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു" (ലൂക്കാ 19,5-6).

ക്രിസ്തുവിന്റെ ജീവിതശൈലി മറ്റുള്ളവരുടെ കണ്ണുനീരുകളെയും പ്രശ്നങ്ങളെയും ആഗ്രഹങ്ങളെയും അഭിലാഷങ്ങളെയും സ്വന്തമായി കരുതുന്ന ഒന്നായിരുന്നു. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും വേണ്ടി മാറ്റിവയ്ക്കാൻ അവന് സമയമുണ്ടായിരുന്നു. മറ്റുള്ളവരുടെ പ്രശ്നങ്ങളെ സ്വന്തം പ്രശ്നമായി കണ്ടതുകൊണ്ട് മറ്റുള്ളവർക്ക് വേണ്ടി മാറ്റിവയ്ക്കാൻ അവന് സമയമുണ്ടായിരുന്നു. ഇന്ന്, ക്രിസ്ത്യാനികളായി അഭിമാനിക്കുന്ന നമ്മുക്ക് മറ്റുള്ളവർക്ക് വേണ്ടി മാറ്റിവയ്ക്കാൻ സമയമില്ലെങ്കിൽ അതിനുള്ള കാരണം സഹോദരങ്ങളുടെ കണ്ണുനീരുകളെ സ്വന്തം കണ്ണുനീരായി കാണാനുള്ള വിശാലഹൃദയം നഷ്ടപ്പെട്ടതുകൊണ്ടാണ്. ആകാശത്തിലിരിക്കുന്ന ദൈവത്തിലേയ്ക്കുയരുന്ന കൈകൾക്കൊപ്പം സഹോദരങ്ങളിലേയ്ക്ക് നീട്ടപെടാത്ത കരങ്ങൾ നമ്മുക്കുണ്ടെങ്കിൽ അതിനുള്ള കാരണവും ഇത് തന്നെയാണ്. മറ്റുള്ളവരുടെ പ്രശ്നങ്ങളെ സ്വന്തം പ്രശ്നങ്ങളായി കാണാൻ പഠിക്കേണ്ടിയിരിക്കുന്നു.

ജനക്കൂട്ടം ക്രിസ്തുവിനെ ആർഭാടത്തിനുവേണ്ടി കൂടെ നിർത്തുമ്പോൾ കുരുടൻ ക്രിസ്തുവിനെ കൂടെ നിർത്തുന്നത് അനുഗ്രഹത്തിന് വേണ്ടിയാണ്!

മെയിൻ റോഡിലേക്ക് ഓടികിതച്ചെത്തിയ യുവാവ് റിക്ഷകാരനോട് പറഞ്ഞു; "അങ്കിൾ മെഡിക്കൽ കോളേജ് വരെ ഒന്ന് പോകണം. പെട്ടന്ന് വേണം..." അവന്റെ അക്ഷമയകെ ആ റിക്ഷക്കാരന് ഒട്ടും പിടിച്ചില്ല... അയാളവനെ ഒന്ന് വിലയിരുത്തി, സമയം ഏഴുമണി ആയതേ ഉള്ളൂ. കയ്യിലൊരു ചെറിയ ഡയറിയുടെ വലിപ്പത്തിലൊരു മൊബൈലും പിടിച്ചു ഒരു ബർമുഡയും ധരിച്ചു മുറിക്കയ്യൻ ബനിയനുമിട്ട് അലങ്കാരമായി കണ്ണട വെച്ച മുഖത്ത് ഒരു ഊശാൻ താടിയുമായി ഇറങ്ങിയിരിക്കുന്നു. കിടക്ക പായയിൽ നിന്ന് എഴുന്നേറ്റ് വരുകയാണെ് തോന്നുന്നു ഈ ന്യൂ ജനറേഷൻ മാന്യൻ... വീണ്ടും അവന്റെ ചോദ്യം അയാളെ ചിന്തയിൽ നിന്നുണർത്തി.

"അങ്കിൾ, മെഡിക്കൽ കോളെജു വരെ പോകണം. എത്ര രൂപയാകും അങ്കിൾ? "നൂറ്റമ്പത് രൂപ" അയാൾ മറുപടി പറഞ്ഞു. "നൂറു രൂപയല്ലേ ഉള്ളൂ അങ്കിൾ ഇവിടുന്ന്?"

പയ്യന്റെ മറുചോദ്യം അയാൾക്ക് രസിച്ചില്ല... അതെനിക്കറിയില്ല; എനിക്ക് നൂറ്റമ്പത്രൂപ വേണം. വേണമെങ്കിൽ കേറ്... ഇല്ലെങ്കിൽ വേറെ വഴി നോക്ക്. വല്ലാത്ത നീരസത്തോടെ അയാൾ പറഞ്ഞു. യുവാവ് ചുറ്റുപാടുമൊന്നു നോക്കി. വേറെ റിക്ഷ ഒന്നുമില്ല. പെട്ടന്ന് മെഡിക്കൽ കോളേജിലെത്തിയേ പറ്റൂ. ഇതല്ലാതെ വേറെ വഴിയുമില്ല. പിന്നെയൊന്നും പറയാതെ അവൻ അതിൽ കയറി, എന്നിട്ട് പറഞ്ഞു;

''ശരി അങ്കിൾ... ഇത്തിരി വേഗം പോകണേ. പെട്ടെന്ന് എത്തണം...'' അപ്പോൾ റിക്ഷക്കാരനോർത്തു; ''രാവിലെ തന്നെ ഏതോ ഒരുത്തിയോടു കിന്നരിക്കാൻ പോകുവായിരിക്കും. മെഡിക്കൽ കോളേജിനു എതിർവശത്തുതുള്ള ആ ഹോട്ടലിലേക്കായിരിക്കും പോക്ക്. മെഡിക്കൽ കോളേജ് എന്ന് പറഞ്ഞാൽ സംശയിക്കില്ലലോ. ഇതുപോലെ എത്ര എണ്ണത്തെ കാണുതാ ദിവസവും. ഇവനെയൊക്കെ കയറൂരി വിടുന്ന തന്തേം തള്ളേം പറഞ്ഞാൽ മതിയല്ലോ. അങ്ങിനെ ഇപ്പോഴിവൻ പെട്ടന്ന് അവിടെ എത്തേണ്ടതില്ല" എന്നു മനസ്സിൽ പറഞ്ഞുകൊണ്ടയാൾ വണ്ടിയുടെ വേഗം ഒന്ന് കുറച്ചു. അപ്പോഴും അക്ഷമയോടെ അവൻ പറഞ്ഞു;

"അങ്കിൾ ഒന്ന് വേഗം പ്ലീസ് ..."

അതുകേട്ടു അയാൾ പറഞ്ഞു;

"എന്റെ മോനെ, ഇതിനു മൂന്ന് ചക്രമേ ഉള്ളൂ. പറക്കാൻ ചിറകൊന്നും ഇല്ല... പിന്നെ റോഡിൽ നിറയെ കുണ്ടും കുഴിയും ഉണ്ടാക്കിയിരിക്കുന്നത് പതുക്കെ പോകാനാ. ഹല്ലാ പിന്നെ!" ഒടുവിൽ മെഡിക്കൽ കോളേജിനു മുന്നിൽ വണ്ടി നിർത്തിയപ്പോൾ പുറത്തിറങ്ങിയ

അവൻ വെച്ച് നീട്ടിയ അഞ്ഞൂറ് രൂപ നോട്ടുകണ്ട് ചില്ലറ ഉണ്ടായിരിന്നിട്ടും അയാൾ പറഞ്ഞു "രാവിലെ തന്നെ ചില്ലറ ഒന്നും ഇല്ല കയ്യിൽ.. ഒരു കാര്യം ചെയ്യ് മുന്നൂറു രൂപ പിടിക്ക്. ബാക്കി അമ്പതു രൂപ സ്റ്റാൻഡിൽ വാ, തരാം..." അപ്പോഴേക്കും വീണ്ടും അവന്റെ ഫോൺ ബെല്ലടിക്കാൻ തുടങ്ങിയപ്പോൾ അതറ്റൻഡു ചെയ്ത് അയാൾ വെച്ചുനീട്ടിയ ബാക്കി പൈസയുമായി ഒന്നും പറയാതെ അവൻ മുന്നോട്ടോടി. റിക്ഷക്കാരനാകട്ടെ അവിചാരിതമായി ഒരു കോള് കിട്ടിയ സന്തോഷത്തിൽ ഒരു മൂളിപാട്ടോടെ തിരിച്ചുപോന്നു. പാതി ദൂരം പിന്നിട്ടപ്പോൾ ആ റിക്ഷക്കാരന്റെ മൊബൈൽ നിർത്താതെ ശബ്ദിക്കാൻ തുടങ്ങി അരികിലൊതുക്കിയ റിക്ഷയിലിരുന്നു കൊണ്ടയാൾ മൊബൈലെടുത്തു. അപരിചിതമായ ഒരു നമ്പർ. അറ്റൻഡ് ചെയ്തപ്പോൾ കേട്ടത് ഭാര്യ സുമതിയുടെ കരച്ചിലോടുകൂടിയ ശബ്ദം; "ചേട്ടാ ഞാൻ സുമതിയാ. ഇവിടെ മെഡിക്കൽ കോളേജിൽ നിന്നാണ്. മോന് കുറച്ചു മുമ്പ് ആക്സിഡന്റ് പറ്റി. ഇവിടെ ഐ സി യു വിലാണ്. ചേട്ടൻ പെട്ടെന്ന് ഇങ്ങോട്ട് വരണം."

ഒറ്റ ശ്വാസത്തിൽ അവൾ പറഞ്ഞത് കേട്ട് അയാളൊന്നു ഞെട്ടിത്തരിച്ചു... ഈശ്വരാ, മോന് ആക്സിഡന്റ് പറ്റിയെന്നോ. അവനിലാണ് എല്ലാ പ്രതീക്ഷയും. അവനെ പഠിപ്പിക്കുതിന് വേണ്ടിയാണ് രാപ്പകലില്ലാതെ താൻ ഇത്ര കഷ്ടപ്പെടുത്. അവധി കഴിഞ്ഞു. രാവിലെ നേരത്തെ ഇറങ്ങിയതാണവൻ കോളേജിലേക്ക്. ഇപ്പോൾ ആശുപത്രിയിൽ ആണെന്നോ? മെഡിക്കൽ കോളേജിലെ ഐ സി യു വിനു മുന്നിലെത്തിയ അയാൾക്കരികിലേക്ക് ഓടിക്കിതച്ചെത്തിയ അയാളുടെ ഭാര്യ കണ്ണീരോടെ പറഞ്ഞു; "മോനും കൂട്ടുകാരനും കൂടി ബൈക്കിൽ പോകുമ്പോൾ ഏതോ ഒരു ലോറി വിടിച്ചതാണ്. മോന് കുറച്ചു സീരിയസാണ്. ബ്ലഡ് കയറ്റണമത്രേ. മോന്റെ ഗ്രൂപ്പ് എ.ബി നെഗറ്റീവല്ലേ? കിട്ടാത്ത ഗ്രൂപ്പ് ആയതോണ്ട് എല്ലാവർക്കും ടെൻഷനായിരുന്നു. അപ്പോഴാ വിവരമറിഞ്ഞ് ഒരു പയ്യൻ വന്നത്. അവന്റെ ബ്ലഡ് എടുത്തോണ്ടിരിക്കുകയാണ്. ബ്ലഡ് കിട്ടിയതുകൊണ്ട് ഇനി പേടിക്കാനൊന്നുമില്ലെന്നാണ് ഡോക്ടർ പറഞ്ഞത്. എന്തായാലും ആ പയ്യന്റെ രൂപത്തിൽ വന്നു ദൈവം കാത്തു നമ്മുടെ മോനെ... അടുത്ത് കണ്ട ബഞ്ചിലേക്കിരുയാൾ പ്രാർത്ഥിച്ചു; "ദൈവമെ എന്റെ കുഞ്ഞിനൊന്നും വരുത്തരുതേ. ഒപ്പം മനസ്സിൽ ഒരായിരം നന്ദിയും പറഞ്ഞു; തക്ക സമയത്ത് ബ്ലഡ് നല്കാൻ തയ്യാറായ അപരിചിതനായ ആ പയ്യനോട്." കുറച്ചു സമയത്തിന് ശേഷം ഐ സി യുവിന്റെ വാതിൽ തുറന്നു കൈത്തണ്ടയിലൊരു വെളുത്ത കെട്ടുമായി പുറത്തിറങ്ങിയ ആ പയ്യനെ കണ്ടു അയാളൊന്നു വിളറിപോയി. കുറച്ചുമുമ്പേ അയാളുടെ റിക്ഷയിൽ കയറി വേഗം പോകണമെന്ന് പറഞ്ഞു അക്ഷമയോടെ ഇരുവൻ... അത്യാഗ്രഹത്തിന്റെ ചെപ്പു തുറ അയാൾക്ക് അമിത ചാർജ്ജ് നൽകിയവൻ... അയാൾ ക്ഷമാശീലം പഠിപ്പിക്കാനൊരുങ്ങിയവൻ... പുറത്തു കട അവൻ ആ റിക്ഷക്കാരനെയും കണ്ടു. അതിശയത്തോടെ അവൻ തിരക്കി;

"അങ്കിൾ എന്താ ഇവിടെ?"

കുറ്റബോധത്തോടെ അയാൾ പറഞ്ഞു; "എന്റെ മോനാണ് അപകടത്തിൽ പെട്ട് അകത്തു കിടക്കുന്നത്. ഞാനറിഞ്ഞില്ല എന്റെ മോനെ രക്ഷിക്കാനാണ് നീ ഇത്ര രാവിലെ ഓടിക്കിതച്ചെത്തിയത് എന്ന്... എന്നോട് ക്ഷമിക്കണം മോനെ."

അനുഗ്രഹങ്ങൾക്ക് വേണ്ടി ആകാശത്തിലേയ്ക്കുയുർത്തുന്ന കരങ്ങൾ സഹോദരങ്ങളിലേയ്ക്ക് നീട്ടപ്പെടണമെന്നുണ്ടെങ്കിൽ സഹോദരങ്ങളുടെ കണ്ണുനീരുകൾ സ്വന്തം കണ്ണുനീരായി കാണാൻ സാധിക്കണം. ക്രിസ്തുവിന് അത് സാധിച്ചിരുന്നു. അതുക്കൊണ്ടാണ് ജെറിക്കോയിലെ കുരുടനും ചുങ്കക്കാരനായ സക്കേവൂസും സൗഖ്യവും രക്ഷയും സ്വന്തമാക്കിയത്!

*കുരുടന്റെ അദമ്യമായ ആഗ്രഹമാണ് അവന്റെ സൗഖ്യത്തിന്റെ കാരണം. ചുരുക്കത്തിൽ, സൗഖ്യത്തിന്റെയും രക്ഷയുടെയും കാരണം ആഗ്രഹം തന്നെയാണ്!*

**"ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും
അതു ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു."**
യാക്കോബ് 4,14

ഫാ. ജോബി മേനോത്ത്
+91 9447777931